LIBRARY ARCHIVES Kerala Legislative Assembly

(ബി) മഹാളി, കുല ചീയൽ തുടങ്ങി പല രോഗങ്ങളും പിടിപെട്ട് കൃഷി നശിച്ച കവുങ്ങ് കർഷകരെ സഹായിക്കാനായി കാസർഗോഡ് ജില്ലയ്ക്ക് പ്രത്യേക പാക്കേജ് അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പ്രസ്തുത പാക്കേജ് പ്രയോജനപ്പെടുത്തി കവുങ്ങ് കർഷകർക്ക് എന്തെങ്കിലും സഹായം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

(എ-സി) 2018-19-ലെ ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റിന്റെ റിപ്പോർട്ട് പ്രകാരം കാസർഗോഡ് ജില്ലയിലാണ് ഏറ്റവും അധികം കവുങ്ങ് കൃഷി ചെയ്യുന്നത്. അതിൻപ്രകാരം കാസർഗോഡ് ജില്ലയിലെ കവുങ്ങിന്റെ വിസ്തൃതി 20764.06 ഹെക്ടറാണ്. 2020-21 വർഷം കവുങ്ങ് കൃഷിക്കായി കാസർഗോഡ് ജില്ലയ്ക്കായി പ്രത്യേക പാക്കേജ് അനുവദിച്ചിട്ടില്ല. 2019-20 വർഷത്തിൽ രോഗം ബാധിച്ചതും പ്രായാധിക്യമുള്ളതുമായ കവുങ്ങ് മുറിച്ചുമാറ്റുന്നതിനും പുതിയ തൈകൾ വച്ചുപിടിപ്പിക്കുന്നതിനുമായി കാസർഗോഡ് ജില്ലയിൽ കവുങ്ങ് കൃഷിക്കുള്ള പ്രത്യേക പദ്ധതി (അരക്കനട്ട് പാക്കേജ്) പ്രകാരം 35.814 ലക്ഷം രൂപ ചെലവഴിച്ചു.

കാർഷിക വിള ഇൻഷ്വറൻസ്

39 (4427) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർഷിക വിള ഇൻഷ്വറൻസ് പദ്ധതി വിപുലീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

22-3-2017-ലെ സ.ഉ.(എം.എസ്.)നമ്പർ 37/2017/കൃഷി ഉത്തരവ് പ്രകാരം സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി നഷ്ടപരിഹാരതോത് വർദ്ധിപ്പിച്ചുകൊണ്ട് പുനരാവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. ഈ പദ്ധതി പ്രകാരം കേരളത്തിലെ പ്രധാനപ്പെട്ട 25 കാർഷിക വിളകൾക്ക് (തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയർ വർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല്) പരിരക്ഷ നൽകുന്നുണ്ട്. കൂടാതെ 13-12-2017-ലെ സ.ഉ.(കൈ) നമ്പർ 1192/2017/കൃഷി പ്രകാരം മാവ്, ചെറു

LIBRARY ARCHIVES Kerala Legislative Assembly

ധാന്യങ്ങൾ (ചാമ, വരക്, തിന, പനിവരക്, കുതിരവാലി, കൂവരക്) എന്നീ വിളകൾക്കും പ്രകൃതിക്ഷോഭംമൂലം സംഭവിക്കുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകി വരുന്നു. വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂകമ്പം, വന്യജീവി ആക്രമണം, ചുഴലിക്കാറ്റ്, ഇടിമിന്നൽ, കാട്ടുതീ എന്നീ പ്രകൃതിക്ഷോഭങ്ങൾക്കാണ് പദ്ധതി പ്രകാരം സംരക്ഷണം നൽകുന്നത്. 27-10-2017-ലെ സ.ഉ.(സാധാ) നമ്പർ 1066/2017/കൃഷി ഉത്തരവ് പ്രകാരം കോൾ നിലങ്ങൾ, കുട്ടനാട്, പാലക്കാട് എന്നീ പ്രദേശങ്ങൾ കൂടാതെ നെൽകൃഷിക്ക് സംസ്ഥാനത്തെവിടെയും കീടരോഗബാധമൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ 28-12-2017-ലെ സ.ഉ.(കൈ)നമ്പർ 167/2017/കൃഷി ഉത്തരവ് പ്രകാരം വനഭൂമി വേർതിരിക്കുന്ന ജണ്ടയുടെ പുറത്തുള്ള അസംരക്ഷിത വനപ്രദേശങ്ങളിൽ വനം വകുപ്പിന്റെ അനുമതിയോടുകൂടി കർഷകർ ചെയ്യുന്ന ഹ്രസ്വ/വാർഷിക വിളകളുടെ കൃഷിക്കുടി ഇൻഷ്വറൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിലും നിബന്ധനകൾക്കും വിധേയമായി പ്രീമിയം തുക അടച്ച് കർഷകർക്ക് പദ്ധതിയിൽ ചേരാവുന്നതാണ്. സ്വന്തമായോ പാട്ടത്തിനോ കൃഷിയിറക്കുന്ന കർഷകർക്ക് ഈ പദ്ധതിയിൽ അംഗമാകാം. നെൽകൃഷിക്ക് ഗ്രൂപ്പ് ഫാമിംഗ് നിലവിലുള്ള പാടശേഖരങ്ങളിൽ ഗ്രൂപ്പ് അടിസ്ഥാനത്തിലോ, വ്യക്തിഗത അടിസ്ഥാനത്തിലോ പദ്ധതിയിൽ ചേരാവുന്നതാണ്. വിളകൾക്കുണ്ടാകുന്ന പൂർണ്ണ നാശത്തിന് മാത്രമെ ഇൻഷ്വറൻസ് ആനുകൂല്യത്തിന് അർഹതയുള്ളൂ. എന്നാൽ 12-12-2018-ലെ സ.ഉ.(സാധാ) നമ്പർ 1198/2018/കൃഷി ഉത്തരവ് പ്രകാരം നെൽകൃഷിക്ക് നഷ്ടപരിഹാരം കണക്കാക്കുമ്പോൾ 50 ശതമാനത്തിലധികം നഷ്ടമുണ്ടായാൽ പൂർണ്ണനഷ്ടമായി കണക്കാക്കി നഷ്ടപരിഹാരം നൽകാവുന്നതാണ്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഏതൊക്കെ ഇനം വിളകൾക്കാണ് പരിരക്ഷ ലഭ്യമാക്കുക എന്നും നഷ്ടപരിഹാരമായി എന്ത് തുക ലഭിക്കുമെന്നും വിശദമാക്കാമോ?

പ്രസ്തുത പദ്ധതി പ്രകാരം നഷ്ടപരിഹാരം നൽകുന്ന വിളകളും അവയുടെ നഷ്ടപരിഹാരത്തുകയും അനുബന്ധമായി ചേർക്കുന്നു.*

(സി) പ്രസ്തുത ഇൻഷ്വറൻസ് പദ്ധതിക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ?

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി 2020 നവംബർ മുതൽ കൃഷി വകുപ്പിന്റെ AIMS (Agriculture Information Management System) പോർട്ടൽ മുഖേന സമർപ്പിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.